**23-ാമത് റൗണ്ട് ഇന്ത്യ-ചൈന കോർപ്സ് കമാൻഡർ തല യോഗം (ഒക്ടോബർ 25, 2025)**

ഒക്ടോബർ 29, 2025

2025 ഒക്ടോബർ 25 ന് ചുഷുൽ-മോൾഡോ ബോർഡർ മീറ്റിംഗ് പോയിന്റിൽ 23-ാം റൗണ്ട് ഇന്ത്യ-ചൈന കോർപ്സ് കമാൻഡർ തല യോഗം നടന്നു. 2025 ആഗസ്റ്റ് 19 ന് നടന്ന പ്രത്യേക പ്രതിനിധി ചർച്ചകളുടെ 24-ാം റൗണ്ടിന് ശേഷം നടന്ന പടിഞ്ഞാറൻ മേഖലയിലെ ജനറൽ ലെവൽ മെക്കാനിസത്തിന്റെ ആദ്യ മീറ്റിംഗായിരുന്നു ഇത്. തികച്ചും സൗഹാർദ്ദപരവും ഊഷ്മളവുമായ അന്തരീക്ഷത്തിലാണ് ചർച്ചകൾ നടന്നത്.

2. 2024 ഒക്ടോബറിൽ നടന്ന 22-ാമത് റൗണ്ട് കോർപ്സ് കമാൻഡർ തല യോഗത്തിന് ശേഷമുള്ള പുരോഗതി ഇരുപക്ഷവും വിലയിരുത്തി, ഇന്ത്യ-ചൈന അതിർത്തി പ്രദേശങ്ങളിൽ സമാധാനവും ശാന്തിയും നിലനിർത്തിയിട്ടുണ്ടെന്നും അഭിപ്രായപ്പെട്ടു.

3. അതിർത്തിയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നത് തുടരാനും അതുവഴി സ്ഥിരത നിലനിർത്താനും ഇരുപക്ഷവും തമ്മിൽ ധാരണയായി.

**ന്യൂഡൽഹി**

**ഒക്ടോബർ 29, 2025**